# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1249 — 03.10.2016 – ലെ മറുപടിക്ക്

ചോദ്യം — ഉത്തരം

ശ്രീ. കെ. കുഞ്ഞിരാമൻ — ശ്രീ.പിണറായി വിജയൻ, ബഹു. മുഖ്യമന്ത്രി

### കടാശ്വാസ പദ്ധതി

| | | |
|---|---|---|
| എ | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, വിവിധ സ്ഥാപനങ്ങളിൽ നിന്ന് കടം വാങ്ങി തിരിച്ചടയ്ക്കാൻ സാധിക്കാത്തവരെ സഹായിക്കുന്നതിനായി എന്തെങ്കിലും കടാശ്വാസ പദ്ധതി നടപ്പിലാക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ? | സർക്കാരിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പകളുടെ തിരിച്ചടവിൽ വീഴ്ച വരുത്തിയതിനാൽ ജപ്തിഭീഷണി നേരിടുന്നവർക്ക് വായ്പാ പലിശ/പിഴപ്പലിശയിളവും കടാശ്വാസവും അനുവദിക്കുന്നതിനായി 20.08.2016ലെ സ.ഉ.(പി) നം,118/2016/ധന പ്രകാരം ഒറ്റത്തവണ കടാശ്വാസ പദ്ധതി രൂപീകരിച്ചിട്ടുണ്ട്.<br><br>അഞ്ചുലക്ഷം വരെയുള്ള വായ്പകളിൽ മുതലും പലിശയും പിഴപ്പലിശയും ചേർത്ത് മുതലിന്റെ ഇരട്ടിയെങ്കിലും തിരിച്ചടച്ചവരുടെ വായ്പകളാണ് എഴുതിത്തള്ളുന്നത്. ഇതിനുപുറമെ മുതലിന്റെ ഒന്നര ഇരട്ടിയെങ്കിലും തിരിച്ചടച്ചുകഴിഞ്ഞിട്ടും ജപ്തിഭീഷണി നേരിടുന്ന സാധാരണക്കാർക്ക് പലിശയിളവും പിഴപ്പലിശയിളവും അനുവദിച്ചുകൊണ്ട് ബാക്കി വായ്പാതുക രണ്ട് വർഷം കൊണ്ട് തിരിച്ചടയ്ക്കാവുന്ന വിധം പുന:ക്രമീകരിച്ചും നൽകുന്നതാണ്. |
| ബി | ഇതിൽ ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നും, ബാങ്കുകളിൽ നിന്നും കടം വാങ്ങിയിട്ടുള്ളവരെയാണ് പരിഗണിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ? | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, പട്ടിക-ജാതി, പട്ടിക-വർഗ്ഗ, പിന്നാക്കക്ഷേമ കോർപ്പറേഷനുകൾ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ എന്നീ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും റവന്യൂ വകുപ്പിൽ നിന്നും വായ്പ ലഭ്യമാക്കിയവർക്കാണ് കടാശ്വാസവും പലിശയിളവും ലഭിക്കുന്നത്. ബാങ്കുകളിൽ നിന്ന് വായ്പയെടുത്തവരെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.<br><br>വായ്പാസ്ഥാപനങ്ങളിൽ സ്വീകരിക്കുന്ന കടാശ്വാസ അപേക്ഷയിന്മേൽ തീർപ്പുണ്ടാക്കി രണ്ട് മാസത്തിനുള്ളിലെ നിശ്ചിത തീയതിയിൽ മുൻകൂട്ടി അറിയിച്ച് ബാധ്യതാ രഹിത സർട്ടിഫിക്കറ്റ് ഉൾപ്പെടെ എല്ലാ ഈടുകളും തിരികെ നൽകുന്നതാണ്. പദ്ധതി നടത്തിപ്പിനായി ഗുണഭോക്താവിൽ നിന്ന് അപേക്ഷയൊഴികെ യാതൊരു സർട്ടിഫിക്കറ്റുകളും ആവശ്യപ്പെടുന്നതല്ല.<br><br>പദ്ധതിയുടെ വിശദാംശങ്ങൾ അടങ്ങിയ മാർഗ്ഗരേഖ അനുബന്ധമായി ചേർക്കുന്നു. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ